**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2245** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>കേരളത്തെ ആയുർവേദ ചികിത്സയുടെ കേന്ദ്രമാക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. പി. മോഹനൻ

ശ്രീ. മാത്യു ടി. തോമസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ആയുർവേദത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞു കേരളത്തെ ആയുർവേദ ചികിത്സയുടെ കേന്ദ്രമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ആയുർവേദ ചികിത്സയുടെ പ്രധാന കേന്ദ്രമായി കേരളത്തെ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിപുലമായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.

**(ബി)** ആയുർവേദത്തിന്റെ മറവിൽ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ ഉണ്ടാകാതെ ആയുർവേദ ചികിത്സയുടെ പ്രാധാന്യം ലോകത്തിനെ ബോധ്യപ്പെടുത്താൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ആയുർവേദത്തിന്റെ മറവിൽ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ ഉണ്ടാകാതെ ആയുർവേദ ചികിത്സയുടെ പ്രാധാന്യം ലോകത്തിനെ ബോധ്യപ്പെടുത്താൻ സംസ്ഥാനത്തെ ആയുർവേദ സ്ഥാപനങ്ങൾ കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതുണ്ടെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ആയുർവേദ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള പരാതികൾ കേരളാ സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ വഴി നടപടികൾ സ്വീകരിച്ചും വരുന്നു.

NCISM, KUHS എന്നിവ നിർദേശിക്കുന്ന സിലബസ്, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംസ്ഥാനത്തെ ആയുർവേദ കോളേജ് ആശുപത്രികളിൽ ഉറപ്പാക്കിയിട്ടുണ്ട്. സർക്കാർ അനുമതിയോടെ മാത്രമേ സംസ്ഥാനത്ത് ആയുർവേദ ചികിത്സാ പഠനം നടക്കുന്നുള്ളുവെന്നതിനാൽ ആയുർവേദ പഠനത്തിന്റെ മറവിൽ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ തടയപ്പെടുന്നു. രോഗം ഭേദമാക്കുമെന്ന് വ്യാജ അവകാശവാദം ഉന്നയിക്കുന്ന പരസ്യങ്ങൾക്കെതിരെ സുപ്രീം കോടതി വിധിക്ക് പിന്നാലെ നിരീക്ഷണം ശക്തമാക്കിയിട്ടുള്ളതും ഇതിനായി 'Ayush Suraksha' എന്ന ഓൺലൈൻ പോർട്ടൽ വഴി പരാതികൾ സമർപ്പിക്കാൻ സാധിക്കുന്നതുമാണ്.

**(സി)** ആയുർവേദ ഔഷധങ്ങൾ ഗുണമേന്മയോടെ ഉല്പാദിപ്പിക്കുന്ന ഔഷധിയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ഉൽപാദന വർദ്ധനവ് ലക്ഷ്യമിട്ട് നൂതനസാങ്കേതിക വിദ്യകളോടെ ഔഷധിയുടെ മെയിൻ പ്ലാന്റിന്റെ നവീകരണ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. രസ ഔഷധങ്ങളുടെ ഉത്പാദനം ലക്ഷ്യമിട്ട് പുതുതായി രസൗഷധ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. മരുന്ന് നിർമ്മാണത്തിനുള്ള ഓട്ടോമേറ്റഡ് പാനുകൾ, നിർമ്മാണത്തിനായി വേണ്ട വെളിച്ചെണ്ണ, നല്ലെണ്ണ എന്നിവ നിശ്ചിത അളവിൽ ഡിസ്പെൻസർ മെഷീൻ വഴി മരുന്ന് പ്രോസസിംഗ് പാനുകളിൽ കൊണ്ടുവരുന്ന ജോലിയും പൂർത്തിയാക്കിയിട്ടുണ്ട്. ഗുളിക സെക്ഷനിൽ ഔട്ട്പുട്ട് കൂടിയ പുതിയ മെഷിനറികൾ ഇൻസ്റ്റാൾ ചെയ്തു. ഹൈജീനിറ്റി കൃത്യമായിട്ട് ഉറപ്പുവരുത്താൻ ഒരു സെൻട്രലൈസ്ഡ് ജ്യൂസർ പ്ലാന്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ജ്യൂസർ പ്ലാന്റിൽ നിന്നും മരുന്ന് പ്രോസസിംഗ് ഏരിയകളിലേക്ക് പമ്പ് ചെയ്ത് എത്തിക്കുന്ന ജോലിയും പൂർത്തീകരിച്ചിട്ടുണ്ട്. കൂടുതൽ പാക്കിംഗ് സാമഗ്രികൾ സൂക്ഷിക്കുന്നതിന് സ്റ്റോറും, അസംസ്കൃത വസ്തുക്കൾ ഉണക്കി എടുക്കുന്നതിനായി ഡ്രയിംഗ് യാർഡ് എന്നിവയുടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആയുർവേദ മരുന്നുകളുടെ ഹെവി മെറ്റൽ ഉൾപ്പടെയുള്ള രാസഘടകങ്ങൾ പരിശോധിച്ച് മരുന്നുകളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി ICP-MS യൂണിറ്റ് ഔഷധിയിൽ സ്ഥാപിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# <u>അനുബന്ധം</u>

ഗവേഷണ രംഗത്ത് ആയുർവേദത്തിനു പ്രാധാന്യം നൽകണമെന്ന ഉദ്ദേശത്തോടെ കണ്ണൂർ ജില്ലയിലെ കല്യാട് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം (IRIA) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. രാജ്യത്തിനു തന്നെ മാതൃകയായ ബൃഹത്തായ ഈ സ്ഥാപനത്തിന്റെ ആദ്യഘട്ടം 196 കോടി രൂപയോളം ചെലവഴിച്ച് 2026 ഫെബ്രുവരി 20-ന് ഉദ്ഘാടനത്തിനായി തയ്യാറായിരിക്കുകയാണ്. പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ആഗോള തലത്തിൽ ആയുർവേദ അറിവുകൾ പ്രയോജനപ്പെടുത്തുന്നതിന് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന് നിർണ്ണായക പങ്കു വഹിക്കാൻ കഴിയും.

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് ആയുർവേദം, സിദ്ധ, യുനാനി, പ്രകൃതി ചികിത്സാ, സ്പോർട്സ് ആയുർവേദ യൂണിറ്റ് എന്നീ വിഭാഗങ്ങളിലായി 131 ആശുപത്രികൾ, 817 ഡിസ്പെൻസറികൾ, 71 സബ്സെൻററുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. വകുപ്പിനു കീഴിലെ വിവിധ സ്ഥാപനങ്ങളിലായി 310 പേ വാർഡുകളും 51 പേയിംഗ് വാർഡുകളും നിലവിലുള്ളതും 3184 രോഗികളെ ദിനംപ്രതി കിടത്തി ചികിത്സിയ്ക്കാൻ സൗകര്യങ്ങളുള്ളതുമാണ്. മേൽ സ്ഥാപനങ്ങിലായി ഏകദേശം അറുപതിനായിരത്തിലധികം രോഗികൾ ഐ.പി.യിലും, തുടർ ചികിത്സയുൾപ്പെടെ രണ്ട് കോടി പേർ ഒ.പി. യിലും പ്രതിവർഷം ചികിത്സ തേടുന്നു. വകുപ്പിനു കീഴിലെ വിവിധ തലങ്ങളിലെ സർക്കാർ ആയുർവേദ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി അവയെ ജനസൗഹൃദ സ്ഥാപനങ്ങളായി മാറ്റുന്നതിന്റെ ഭാഗമായി നാഷണൽ ആയുഷ് മിഷന്റെ സഹകരണത്തോടെ വകുപ്പിലെ 420 ഡിസ്പെൻസറികളെ ആയുഷ് ഹെൽത്ത് & വെൽനസ്സ് സെന്ററുകളായി ഉയർത്തുകയും അതിൽ നിന്നും 148 ആയുഷ് ഹെൽത്ത് & വെൽനെസ്സ് സെന്ററുൾക്കു NABH അക്രഡിറ്റേഷൻ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിലെ 133 സ്ഥാപനങ്ങളിൽ നാപ്കിൻ ഇൻസിനറേറ്റർ, 745 സ്ഥാപനങ്ങളിൽ അഗ്നിശമന ഉപകരണങ്ങൾ, 54 സ്ഥാപനങ്ങളിൽ സോളാർ പാനൽ, 52 സ്ഥാപനങ്ങളിൽ ലാബ് സംവിധാനം, 20 സ്ഥാപനങ്ങളിൽ എക്സ്റേ യൂണിററ്, 103 സ്ഥാപനങ്ങളിൽ ബയോവേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളിലും ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണത്തിന് പ്രത്യേക പ്രോജക്ടുകളും, ക്ലിനിക്കുകളും നാഷണൽ ആയുഷ് മിഷനുമായി ചേർന്ന് യോഗ ക്ലാസ്സുകളും, മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു. പ്ലാൻ/നോൺപ്ലാൻ/ തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ട് മുഖേന എല്ലാ സ്ഥാപനങ്ങളിലും ആവശ്യമായ ഔഷധങ്ങൾ ലഭ്യമാക്കുന്നു.

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ 350 സ്ഥാപനങ്ങളിൽ ഇ-ഓഫീസ് സംവിധാനവും 240 സ്ഥാപനങ്ങിൽ ഇ-ഹോസ്പിറ്റൽ സംവിധാനവും ആരംഭിക്കുകയും വകുപ്പിനു കീഴിലെ എല്ലാ സ്ഥാപനങ്ങളിലും ആധാർ അധിഷ്ഠിത ഫേസ് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. രോഗികൾക്ക് ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് കൺസൽട്ടേഷനായി അപ്പോയിന്റ്മെന്റ് എടുക്കുന്നതിനുള്ള ടോക്കൺ സംവിധാനം

സ്കാൻ ആന്റ് ഷെയർ സംവിധാനം 240 സ്ഥാപനങ്ങളിൽ നടപ്പിലാക്കി. ഓൺലൈൻ അപ്പോയ്മെന്റ് സംവിധാനം 130 സ്ഥാനങ്ങളിൽ നടപ്പിലാക്കി. വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് 13 ആശുപത്രി/ഡിസ്പെൻസറി കെട്ടിടങ്ങൾ പൂർത്തീകരിച്ച് ഉത്ഘാടനം നടത്തി.

ജീവിതശൈലി രോഗങ്ങൾക്കായുള്ള എൻ.സി.ഡി. ക്ലിനിക്കുകൾ ഭാരതീയ ചികിത്സാ വകുപ്പിന്റെ എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും പ്രവർത്തിച്ചു വരുന്നുണ്ട്. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഭേഷജം, സ്വസ്ഥ്യം, സുഖായുഷ്യം, അമൃതം, പുനർജ്ജനി, കിരണം എന്നീ പദ്ധതികൾ നടപ്പിലാക്കി. വകുപ്പ് നടപ്പിലാക്കി വന്നിരുന്ന സ്നേഹധാര, ദൃഷ്ടി, ജീവനി, പുനർന്നവ, സ്പോർട്സ് ആയുർവേദ, ക്ഷാരസൂത്ര തുടങ്ങിയ സ്പെഷ്യൽ പ്രൊജക്ടുകൾ കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിച്ചു. സമൂഹത്തിൽ മാനസികപരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന രോഗികളെ ആയുർവേദ ചികിത്സയിലൂടെ ഭേദമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആയുർവേദ മാനസികാരോഗ്യ പരിപാലന ഗവേഷണ കേന്ദ്രം മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ പ്രവർത്തിക്കുന്നു. ടി ആശുപത്രിയിൽ വകുപ്പിന്റെ പ്ലാൻ ഫണ്ട് മുഖേനെ ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയിലെ ആളുകൾക്കായി അനവദ്യ പദ്ധതി, സ്കൂൾ കുട്ടികളിലെ പരീക്ഷാ പേടി അകറ്റുന്നതിനുള്ള സുധീരം, ഹൈപ്പർ ആക്ടിവിറ്റി (ADHD) നിയന്ത്രിക്കുന്നതിനുള്ള കുസൃതി, മറവി രോഗം നിയന്ത്രിക്കുന്നതിനുള്ള സുസ്മൃതം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ആയുർവേദ പാലിയേറ്റീവ് കെയർ എല്ലാ ആയുർവേദ സ്ഥാപനങ്ങൾ വഴിയും നൽകിവരുന്നുണ്ട്. ഏഷ്യയിലെ ആയുർവേദ - സ്പോർട്ട് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി (KISAR) തൃശ്ശൂർ ജില്ലയിൽ പ്രവർത്തിച്ചു വരുന്നു. കുട്ടികളുടേയും കൗമാരക്കാരുടേയും സംരക്ഷണത്തിനായി കോഴിക്കോട് ജില്ലയിലെ പുറക്കാട്ടിരിയിൽ എ.സി. ഷൺമുഖദാസ് ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്റർ പ്രവർത്തിച്ചു വരുന്നു. യോഗാ ആന്റ് പ്രകൃതി ചികിത്സാ വിഭാഗത്തിൽ തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ സർക്കാർ യോഗാ ആന്റ് പ്രകൃതി ചികിത്സാ ആശുപത്രി പ്രവർത്തിച്ചു വരുന്നു. മെച്ചപ്പെട്ട ചികിത്സാ സൌകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലയളവിൽ വിവിധ വിഭാഗങ്ങളിലായി 127 തസ്തികകൾ ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പുതുതായി സൃഷ്ടിച്ചു.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഇടുക്കി ജില്ല ഉടുമ്പൻ ചോലയിൽ പുതിയ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിനെ തുടർന്നു ടി പ്രദേശത്ത് 20.82 ഏക്കർ സ്ഥലം കണ്ടെത്തുകയും, പ്രസ്തുത ഭൂമി പൂർണമായും രേഖാമൂലം വകുപ്പിന് കൈമാറിട്ടുണ്ട്. ഇടുക്കി ഉടുമ്പഞ്ചോല ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ താൽക്കാലിക ആശുപത്രി പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചതിനെ തുടർന്ന് ഒ.പി.ഡി. പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

ആയുർവേദത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് കേരളത്തെ ആയുർവേദ ചികിത്സയുടെ കേന്ദ്രമാക്കുന്നതിനായി നാഷണൽ ആയുഷ് മിഷൻ മുഖേന നടപടികൾ

സ്വീകരിച്ചുവരുന്നു. ആയുർവേദം ഉൾപ്പെടെയുള്ള ആയുഷ് ചികിത്സാ സംവിധാനങ്ങളെ മുഖ്യധാരാ ആരോഗ്യ സംവിധാനത്തിന്റെ ഭാഗമായി ശക്തിപ്പെടുത്തുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, മനുഷ്യവിഭവ ശേഷി വർധന, സേവന ഗുണനിലവാര മെച്ചപ്പെടുത്തൽ, ഗവേഷണ-പരിശീലന പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പെൻസറികളും ആശുപത്രികളും നവീകരിച്ച് ആയുഷ്മാൻ ഭാരത് ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളായി ഉയർത്തിയിട്ടുണ്ട്. രോഗ പ്രതിരോധത്തിനും ജീവിതശൈലി രോഗ നിയന്ത്രണത്തിനും പ്രാധാന്യം നൽകുന്ന രീതിയിൽ യോഗ, ആരോഗ്യബോധവൽക്കരണം, ആയുർവേദ ചികിത്സകൾ എന്നിവ ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കി വരുന്നു.

ആയുർവേദ ആരോഗ്യ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനായി NABH അക്രഡിറ്റേഷൻ, ആയുഷ് കായകൽപ്പ് അവാർഡ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി ശുചിത്വം, അണുബാധ നിയന്ത്രണം, രോഗി സുരക്ഷ എന്നിവ ഉറപ്പാക്കുന്നു. ആശുപത്രികളും ഡിസ്പെൻസറികളും പുനരുദ്ധരിച്ച് അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളും മരുന്ന് ലഭ്യതയും മെച്ചപ്പെടുത്തി വരുന്നു. പൊതുജനങ്ങൾക്ക് സമഗ്രവും ചെലവ് കുറഞ്ഞതുമായ ആയുർവേദ ചികിത്സ ഉറപ്പാക്കുന്നതിനായി ആയുർകർമ്മ പദ്ധതി, ജീവിതശൈലി രോഗ നിയന്ത്രണത്തിനുള്ള പ്രത്യേക പദ്ധതികൾ, യോഗ വെൽനെസ് സെന്ററുകൾ, സ്പോർട്സ് ആയുർവേദ യൂണിറ്റുകൾ, ദൃഷ്ടി, സ്നേഹധാര, ഹർഷം, പ്രതീക്ഷ, പ്രാണശക്തി തുടങ്ങിയ പ്രത്യേക പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

ഇതിനൊപ്പം, ആയുർവേദ മേഖലയിലെ ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും ഉൾപ്പെടുത്തി മനുഷ്യവിഭവ ശേഷി വർധിപ്പിക്കുകയും, ആയുഷ് മേഖലയിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്യുന്നു. ടെലിമെഡിസിൻ സംവിധാനം (ഇ-സഞ്ജീവനി), ഗവേഷണവും ശാസ്ത്രീയ സ്ഥിരീകരണവും, ആരോഗ്യ ടൂറിസവുമായി ആയുർവേദത്തെ ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയും പുരോഗമിക്കുന്നു.

Section Officer